## പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്

### പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള – ശനിയാഴ്ച തോറും

### Q&A 332

ആഗസ്റ്റ് 10, 2024 ശനി

# ദിവ്യസാമീപ്യം എങ്ങനെ നേടാം?

## "HOW TO GAIN DIVINE PROXIMITY?"

ഓം ശ്രീ സായിരാം.

ചോദ്യോത്തരവേള 332-ലേക്ക് സ്വാഗതം.

ചോദ്യം : **സ്വാമീ! ഈശ്വരനിൽ തീവ്രമായ വിശ്വാസമുണ്ടാവണം എന്ന് ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു. സ്വാഭാവികമായും, ഞങ്ങളുടെ വിശ്വാസത്തിന്റെ ആഴത്തിന് ആനുപാതികമായിരിക്കും ഞങ്ങളുടെ അനുഭവം. സ്വാമീ! ഈശ്വരനും പ്രതികരിക്കുന്നത് ഞങ്ങളുടെ വിശ്വാസത്തിന്റെ തീവ്രതയ്ക്ക് ആനുപാതികമായിട്ടാണോ?**

ഭഗവാൻ : നിശ്ചയമായും! നിങ്ങൾ കൃഷി(പ്രയത്നം- effort)യിറക്കിയാൽ, നിങ്ങൾ ഈശ്വരകൃപ(Grace) നേടും. തന്നെയുമല്ല, കൃഷി മൂലം നിങ്ങൾക്ക് ഒരു ഋഷി പോലുമാവാം.




ഒരു ഗ്രാമീണബാലൻ ഒരു പണ്ഡിതനെ കണ്ടുമുട്ടാനിടയായി. ഈശ്വരനെ പ്രാണായാമത്തിലൂടെയും ധ്യാനത്തിലൂടെയും അനുഭവിക്കാനാവുമെന്ന് അയാൾ ആ ബാലനോട് പറഞ്ഞു. ഇതു കേട്ടിട്ട്, അങ്ങേയറ്റം ആത്മാർത്ഥതയോടെ ആ ബാലൻ അവ പരിശീലിക്കാനാരംഭിച്ചു. അവന്റെ ഭക്തിയിലും ആത്മാർത്ഥതയിലും പ്രീതിപൂണ്ട്, ഈശ്വരൻ ആ ബാലനു മുമ്പാകെ പ്രത്യക്ഷപ്പെട്ട് അവനെ അനുഗ്രഹിച്ചു. പണ്ഡിതൻ നിർദ്ദേശിച്ച പ്രകാരം പ്രാണായാമം, ധ്യാനം തുടങ്ങിയവ ചെയ്തതിന്റെ ഫലമായി താൻ ഈശ്വരനെ കണ്ടെന്ന് ബാലൻ പണ്ഡിതനോട് പറഞ്ഞു.

പണ്ഡിതന് ഇത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു, "ഓ! അസംബന്ധം പറയാതെ! ഞാൻ വർഷങ്ങളോളം പ്രാണായാമവും ധ്യാനവും ചെയ്തിട്ടും സാധിച്ചിട്ടില്ല, അപ്പോൾ നിനക്കെങ്ങനെ ഈശ്വരനെ ദർശിക്കാനാവും? ഇത്തരം കള്ളങ്ങൾ പറയരുത്!"

ബാലൻ തന്റെ ധ്യാനസ്ഥലത്തേക്കു തിരിച്ചുപോയി, നാരായണനെ അവിടെ ദർശിച്ചു. അവൻ പ്രഭുവിനോടു പറഞ്ഞു, "അല്ലയോ ഭഗവാനേ! ആ പണ്ഡിതൻ എന്നെ കള്ളനെന്നു വിളിക്കുന്നു! ഞാൻ അനുഭവിച്ചത് അയാളെക്കൊണ്ട് അംഗീകരിപ്പിക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്? സ്വാമീ! ഞാൻ അദ്ദേഹത്തെ ഇങ്ങോട്ടു വിളിച്ചുകൊണ്ടുവന്ന് ഭഗവാനെ കാട്ടിക്കൊടുക്കുകയും സ്വയം സത്യം അനുഭവിക്കുകയും ചെയ്യുന്നതുവരെ ദയവായി ഇവിടെത്തന്നെ നിന്നാലും. പക്ഷേ, പ്രിയപ്പെട്ട ഭഗവാനേ! അവിടുന്ന് പണ്ഡിതനെ കാണുന്ന മാത്രയിൽ ഇവിടെനിന്ന് ഓടിപ്പോകുമെന്ന് ഞാൻ ഭയക്കുന്നു, അയാൾക്ക് നേരത്തേതന്നെ എന്നെ സംശയമാണ്. അതുകൊണ്ട്, ഈ കയറുകൊണ്ട് ഞാൻ അങ്ങയെ ഈ തൂണിൽ കെട്ടിയിട്ടോട്ടേ?"



അവൻ അപ്രകാരം ചെയ്തിട്ട്, പണ്ഡിതന്റെ സമീപത്തേക്ക് ഓടി, നാരായണനെ സ്വയം ചെന്നു കാണുന്നതിനായി അപേക്ഷിച്ചു. പണ്ഡിതൻ അവിടെയെത്തിയെങ്കിലും, തൂണിൽ ബന്ധിതനായ ഈശ്വരനെ കാണാൻ അയാൾക്കു കഴിഞ്ഞില്ല, എന്നാൽ ആ ഇടയബാലന് ഭഗവാനെ കാണുന്നതിനും സംഭാഷണം ചെയ്യുന്നതിനും സാധിച്ചു. അവസാനം, പണ്ഡിതനും സ്വയം ദർശനം നൽകണമേയെന്ന് ബാലൻ നാരായണനോട് കരഞ്ഞു പ്രാർത്ഥിച്ചു. ഭഗവാൻ അവന് വഴങ്ങി. ഇതാണ് ശരിയായ ഭക്തി. ഈശ്വരൻ സ്വയം ഒരു തൂണിൽ ബന്ധിതനാകുന്നതിന് വഴങ്ങുക!



ഇവിടെ മറ്റൊരു വസ്തുതയും നിങ്ങൾ ശ്രദ്ധിക്കണം. പണ്ഡിതന്റെ വാക്കുകളിൽ ഇടയബാലനുണ്ടായിരുന്ന വിശ്വാസമാണ് അവന്റെ അനുഭവത്തിന് കാരണം. നിങ്ങൾ നിങ്ങളുടെ ജീവിതം പ്രാർത്ഥനയിലാണ് ചെലവിടുന്നതെങ്കിൽ, അത് ശാന്തിയും സമാധാനവുമുള്ളതാവും. ഉദാഹരണത്തിന്, ഏഴു മലകളും കയറി തിരുമലയിലെ വെങ്കടേശ്വരഭഗവാന്റെ കോവിലിലെത്തുമ്പോൾ, നിങ്ങൾക്ക് ഏറെ ക്ഷീണമുണ്ടാവും. നേരെ മറിച്ച്, നിങ്ങൾ ഒരു ഗ്രൂപ്പായി ഈശ്വരമഹിമ കീർത്തിച്ചുകൊണ്ട് പോവുകയാണെങ്കിൽ നിങ്ങൾക്ക് ആയാസം തോന്നുകയേ ഇല്ല.

ചോദ്യം : **സ്വാമീ! ഈ കലിയുഗത്തിൽ ഭക്തി, വിശ്വാസം, ദൃഢചിത്തത ഇവ ക്ഷയിച്ചുവരികയാണ്. ഇതു മാത്രമല്ല, ആളുകൾ ഭക്തരെ കളിയാക്കുന്നതും, മതപരമായ നിഷ്ഠകൾക്കെതിരായുള്ള ജീവിതം നയിക്കുന്നതും നാം കാണുന്നു. ഈ സ്ഥിതി വളരെ ദു:ഖകരമാണ്. ഈ സാഹചര്യത്തിൽ, ഞങ്ങൾ എന്തു ചെയ്യണമെന്നാണ് അവിടുന്ന് ആവശ്യപ്പെടുന്നത്?**

ഭഗവാൻ : ആദ്യമായി, നിങ്ങൾ സ്വയം തിരുത്തുക. നിങ്ങളുടെ സ്വന്തം കുറ്റങ്ങളും തകരാറുകളും നേരെയാക്കുക. നിങ്ങൾ കുറ്റമറ്റതും ആദർശവാനുമല്ല എങ്കിൽ, ആരെയും



കുറ്റപ്പെടുത്താനും മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനും നിങ്ങൾക്ക് അധികാരമില്ല. അതുകൊണ്ട്, നിങ്ങളുടെ സ്വന്തം വിശ്വാസം ഉറച്ചതും ആഴമുള്ളതും അചഞ്ചലവുമാണോയെന്ന് പരിശോധിക്കുക.

ആന്ധ്രാപ്രദേശിൽ മൂന്ന് രാജുമാർ ജീവിച്ചിരുന്നു, മൂവരും അവരവരുടെ മണ്ഡലത്തിൽ രാജാക്കന്മാരായിരുന്നു. കവിതയിലെ രാജാവ് ഗോപരാജു, ശ്രേഷ്ഠമായ ഭാവസംഗീതത്തിന്റെ രാജാവ് പോതരാജു-രാജാവ് അളവറ്റ ധനം പാരിതോഷികമായി നൽകാമെന്ന് പറഞ്ഞിട്ടും മഹനീയകൃതിയായ ഭാഗവതം രാജാവിന് സമർപ്പിക്കാഞ്ഞയാൾ.

പോതരാജു അഥവാ പോതന തന്റെ കൃതി പ്രഭു ശ്രീരാമചന്ദ്രനു മാത്രമേ സമർപ്പിച്ചുള്ളൂ. ഗോപരാജു അഥവാ രാമദാസു-ഗോപണ്ണ എന്നും വിളിക്കപ്പെട്ടിരുന്നു-ഖജനാവിലുണ്ടായിരുന്ന മുഴുവൻ ധനവും രാമക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി ചെലവാക്കുകയുണ്ടായി, അതിന് അയാൾ കഠിനമായി ശിക്ഷിക്കപ്പെടുകയും ചെയ്തു.

താഗരാജു *രാമനു സന്നിധി*, ഈശ്വര സന്നിധി, നിധിയേക്കാൾ അമൂല്യമായി കരുതി. ഈ മൂന്ന് രാജുമാരും ഈശ്വരന്റെ പരമാധീശത്വത്തെപ്പറ്റിയുള്ള ഉത്തമബോധ്യത്താൽ അവരാൽ തെരഞ്ഞെടുക്കപ്പെട്ട മാർഗം പിന്തുടർന്നു. അവർ അവരുടെ ആത്മസംതൃപ്തിക്കുവേണ്ടിയും അവരവരുടെ മന:സാക്ഷി(conscience)യുടെ തൃപ്തിക്കുവേണ്ടിയും പ്രയത്നിച്ചു, ക്ലേശങ്ങളനുഭവിച്ചു. അവർ മറ്റുള്ളവരുടെ കാഴ്ചപ്പാടിനെയും അഭിപ്രായത്തെയും പറ്റി ഓർത്ത് ക്ലേശിച്ചില്ല. ഒരു തരത്തിലുള്ള പ്രലോഭനങ്ങൾക്കും അവർ വശംവദരായില്ല.



ഗോപണ്ണ



St. Thyagaraja (1767 – 1847)

കടന്നുപോകുന്ന ആനയെ നോക്കി നായ്ക്കൾ കുരച്ചേക്കാം, പക്ഷേ ആനയ്ക്ക് ഒന്നും നഷ്ടപ്പെടാനില്ല. സമുദ്രത്തിന്റെ അപാരത നിങ്ങൾക്കറിയാം. അമൃതവും ഹാലാഹലവും(വിഷം) ഒരേ സമുദ്രത്തിൽനിന്നാണ് ഉണ്ടാവുന്നതെന്ന് പുരാണങ്ങൾ ഉത്ഘോഷിക്കുന്നത് നിങ്ങൾ കേട്ടിട്ടില്ലേ? അമൃതം നിങ്ങൾക്ക് സന്തോഷം നൽകുന്നു, എന്നാൽ വിഷം അപകടകരവും. അങ്ങനെയല്ലേ?

ഇതേപോലെ, സമൂഹവും വിശാലമായ സമുദ്രം പോലെയാണ്, അതിൽ അമൃതിനു തുല്യരായ നല്ല ആളുകളും വിഷത്തിനു തുല്യരായ ദുഷ്ടജനങ്ങളുമുണ്ട്. ദുഷ്ടജനങ്ങൾ ശിഷ്ടരായവരെ കളിയാക്കും. നിങ്ങൾ നിങ്ങളുടെ നന്മയും സ്വഭാവമാഹാത്മ്യവും ഉപേക്ഷിക്കണം എന്ന് ഇതിനർത്ഥമില്ല. ഒരു കൊറ്റി ഒരു അരയന്നത്തെ കളിയാക്കിയേക്കാം. ഒരു കുയിലിന്റെ പാട്ട് ഒരു കാക്കയുടെ കർണങ്ങൾക്ക് അരോചകമായേക്കാം. കുയിൽ മാന്തളിരാണ് ഭക്ഷിക്കുക, അതേസമയം കാക്ക വേപ്പുമരത്തിന്റെ കയ്പുള്ള നാമ്പും.



ഇതേപോലെ, സമൂഹത്തിലെ ചിലർ ലൗകികമായ, ക്ഷണികമായ ഇന്ദ്രിയസുഖങ്ങൾക്കുവേണ്ടി കഷ്ടപ്പെടുന്നു, അതേസമയം മറ്റു ചിലർ ദിവ്യാനന്ദം ആസ്വദിക്കാ

നായി ഈശ്വരകൃപയ്ക്കായി സകല ആത്മാർത്ഥശ്രമവും നടത്തുന്നു. പുറത്ത് ചന്ദനത്തടിയുടെ കെട്ട് പേറുന്ന ഒരു കഴുത ചന്ദനത്തിന്റെ സൗരഭ്യം അറിയുന്നില്ല. ഒരു പോത്തിന് അവിലിന്റെ രുചി അറിയില്ല.




ഇതുപോലെ, ദിവ്യത്വം എല്ലാവരാലും ആസ്വദിക്കപ്പെടില്ല. നിങ്ങൾ ഈശ്വരനെ നിഷേധിക്കുമെങ്കിൽ, അതിനർത്ഥം നിങ്ങൾ നിങ്ങളെത്തന്നെ നിഷേധിക്കുന്നു എന്നാണ്. നിങ്ങൾ ഈശ്വരനിൽനിന്ന് വ്യത്യസ്തനല്ല. നിങ്ങൾ ഈശ്വരനാകുന്നു. നിങ്ങളുടെ പുകഴ്ത്തലും ഇകഴ്ത്തലും ഈശ്വരനെ ബാധിക്കുന്നില്ല. നിങ്ങളുടെതന്നെ കർമ്മങ്ങളുടെ നന്മയും തിന്മയും പ്രതിപ്രവർത്തന(reaction)മായി നിങ്ങളിലേക്ക് തിരികെ വരികയാണ്. മഴുവിന് യാതൊരു ദോഷവും ചെയ്യാത്ത ചന്ദനമരത്തെ മഴു മുറിക്കുന്നു. ഈ ദുഷ്ടപ്രവൃത്തി കാരണം, മഴുവിന് അതിന്റെ മൂർച്ച നഷ്ടമാവുന്നു, അതിനായി അതിനെ തീയിൽവച്ച് ചുറ്റികയ്ക്ക് അടിക്കുന്നു. ചന്ദനമരം മഴുവിനെ യാതൊരു ശിക്ഷയ്ക്കും വിധേയമാക്കുന്നില്ല. അപ്പോൾ, മഴുവിന്റെ പ്രവൃത്തിയാണ് പ്രതിപ്രവർത്തനമായി തിരികെ വരുന്നത്.



ഇത്തരുണത്തിൽ, മറ്റൊരു ദൃഷ്ടാന്തം നോക്കാം. സ്വർണം അഗ്നിയിൽ ഉരുക്കുമ്പോൾ അത് വെട്ടിത്തിളങ്ങുന്നു. എന്നാൽ, ഒരു പ്രതിപ്രവർത്തനമെന്ന നിലയ്ക്ക്, മൂശാരി ക്ലേശിക്കേണ്ടിവരുന്നു, എന്തെന്നാൽ സ്വർണം ഉരുക്കുന്ന പ്രക്രിയയിൽ ചാരം അയാളുടെ കണ്ണിൽ വീഴുന്നു, പുക കാരണം അയാളുടെ സ്വന്തം വസ്ത്രം മലിനമാവുന്നു. ഇവിടെ, ഉരുകിയ, ചുറ്റികയടിക്കപ്പെട്ട സ്വർണം മൂശാരിയെ ശിക്ഷിച്ചിട്ടില്ല. അയാളുടെതന്നെ കർമ്മമാണ് അയാളെ ശിക്ഷിക്കുന്നത്.

ഇതേപോലെ, നിങ്ങൾ ഈശ്വരനെ പഴിക്കുകയോ കുറ്റപ്പെടുത്തുകയോ നിഷേധിക്കുകയോ ചെയ്യുമ്പോൾ, അത് അവിടുന്നിന് ഒന്നും ചെയ്യില്ല. എന്നാൽ, നിങ്ങളുടെ പ്രവൃത്തി പ്രതിപ്രവർത്തനമായി നിങ്ങളിലേക്ക് തിരികെ വരും. നിങ്ങൾ നിങ്ങളെത്തന്നെ ശിക്ഷിക്കുന്നു.

നിങ്ങൾ സൂര്യനു നേരേ കുറച്ച് പൊടി എറിയുന്നു എന്നിരിക്കട്ടെ, എന്തു സംഭവിക്കും? അത് നിങ്ങളുടെ മാത്രം കണ്ണിൽ വീഴുന്നു. നിങ്ങൾ ഒരു ഇലക്ട്രിക് ഫാൻ സ്വിച്ച് ഓൺ ചെയ്താൽ, നിങ്ങൾക്കതിന്റെ തണുത്ത കാറ്റ് ആസ്വദിക്കാം. നിങ്ങൾ ഫാൻ സ്വിച്ച് ഓൺ ചെയ്തില്ലെങ്കിൽ, അതിന് ഒന്നും സംഭവിക്കാനില്ല. അതിന് ഒരു നഷ്ടവും വരാനില്ല. നിങ്ങൾ ഒരു ബൾബ് സ്വിച്ച് ഓൺ ചെയ്താൽ, നിങ്ങൾക്ക് വെളിച്ചം കിട്ടും. എന്നാൽ നിങ്ങൾ ബൾബ് ഓൺ ചെയ്തില്ലെങ്കിൽ, ബൾബിന് ഒരു നഷ്ടവും വരാനില്ല.



അതിനാൽ, നല്ലതും ചീത്തയും നിങ്ങളെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്. പണം കൊടുത്ത് ഈ ലോകത്തെ ഏത് ഭൗതികവസ്തു വേണമെങ്കിലും നിങ്ങൾക്ക് വാങ്ങാവുന്നതുപോലെ, ഈശ്വരനാമമാകുന്ന ധനംകൊണ്ട് നിങ്ങൾക്ക് പരമാനന്ദത്തിലാവാം. ഒരു തെരുവുവിളക്കിനു ചോട്ടിൽ, നിങ്ങൾക്ക് ചുറ്റിനും കാണാം, പ്രകാശിക്കുന്ന ബൾബ് ഉൾപ്പടെ. അതേപോലെ, ദിവ്യത്വം നിങ്ങളെയും നിങ്ങൾക്കു ചുറ്റിനുമുള്ള ഓരോരുത്തരെയും സന്തോഷിപ്പിക്കുന്നു. അതുകൊണ്ട്, ഈശ്വരനിലുള്ള നിങ്ങളുടെ വിശ്വാസത്തിന് ആഴം കൂട്ടുക. ദിവ്യാനന്ദം അനുഭവിക്കുക. അതാണ് നിങ്ങൾ ചെയ്യേണ്ടത്.

പഴങ്ങൾക്ക് സ്വയം സംരക്ഷിക്കാനാവില്ല. മരമാണ് അതു പേറുന്ന ഫലങ്ങളെ സംരക്ഷിക്കുന്നത്. മരം അതിന്റെ വേരുകളാൽ സംരക്ഷിക്കപ്പെടുകയും ഹരിതാഭമാക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ വേരുകൾക്ക് വെള്ളവും വളവും നൽകിയാൽ, അവ വൃക്ഷത്തെ സംരക്ഷിക്കുന്നു, വൃക്ഷം ഫലങ്ങളെയും സംരക്ഷിക്കുന്നു. അങ്ങനെയല്ലേ? ഈശ്വരൻ ഈ ലോകത്തിന്റെ വേരാണ്. നിങ്ങൾ ഈശ്വരന് ശരണാഗതിയടഞ്ഞാൽ, ഓരോന്നും സംരക്ഷിക്കപ്പെടും.



ലൗകികചിന്തകളുള്ളവർക്ക് ഈശ്വരീയ ഭാവം രുചിക്കില്ല. മീൻചന്തയിലെ വ്യക്തിക്ക് ആഭരണവ്യാപാരിയെ സങ്കൽപ്പിക്കാനാവില്ല. സമുദ്രത്തിന്റെ അടിത്തട്ടിൽ ഏറ്റവും അമൂല്യമായ രത്നങ്ങളുണ്ട്, പക്ഷേ സമുദ്രജലം നിറയെ ഉപ്പുരസമാണ്. അങ്ങനെയല്ലേ? അതുപോലെ, ഈ ലോകത്ത് വിഭിന്ന രുചിയുള്ള ആളുകളുണ്ട്. ഈശ്വരൻ ഒരിക്കലും ആർക്കും എതിരല്ല. അവിടുന്നിനോട് ഏറ്റവും അടുത്തും ഏറെ അകന്നും ആരുംതന്നെയില്ല. എല്ലാവരും അവിടുന്നിന് ഒരേപോലെയാണ്. നിങ്ങൾ നിങ്ങളുടെ

വലതുകൈയിലോ ഇടതുകൈയിലോ ഒരു മുല്ലപ്പൂ പിടിച്ചേക്കാം. എന്നാൽ ഏതു കൈയിലും അത് ഒരേ പോലെയാണ് മണക്കുക. ഈശ്വരൻ എല്ലാവരിലുമുള്ള ആ ഒന്നാകുന്നു.

**ചോദ്യം : സ്വാമീ! ഈശ്വരഭക്തനാവാനുള്ള നീണ്ട കാലത്തെ ആഗ്രഹമുണ്ടെന്നാലും, ഭക്തി എന്തുകൊണ്ടോ, വേണ്ടത്ര വളരുന്നില്ല. ഒരു യഥാർത്ഥ ഭക്തനിൽനിന്നു പ്രതീക്ഷിക്കുന്നത്ര തീവ്രതയും അളവുമുള്ള ഭക്തി വികസിക്കുന്നതിന് എന്താണ് അവശ്യം വേണ്ടത്?**

ഭഗവാൻ : ഇവിടെ സമയമല്ല പ്രധാനം. ഒരു കുളത്തിൽ കിടക്കുന്ന ഇരുമ്പുപന്ത് എത്ര കാലം അവിടെ കിടന്നാലും, ഒരിക്കലും മാറില്ല. അതിൽ യാതൊരു മാറ്റവുമില്ലാതെ, അത് അതേപടി അവിടെ കിടക്കും. പരിവർത്തനമാണ് പ്രധാനം എന്ന് നിങ്ങളറിയണം. നിങ്ങൾ നിങ്ങൾക്കായി നിശ്ചയിക്കുന്ന ലക്ഷ്യമാണ് പ്രധാനം. അതുവരേക്കും, നിങ്ങൾ നിങ്ങളുടെ ലക്ഷ്യം പിന്തുടരണം, അതിനെടുക്കുന്ന കാലം ശ്രദ്ധിക്കാതെ.

നിങ്ങൾക്കറിയാം, ഒരു വിളക്കിന് ഒരു പാത്രമുണ്ട്, ഒരു തിരിയുണ്ട്, എണ്ണയുണ്ട്. കുറേ



നേരം വെള്ളത്തിൽ സൂക്ഷിച്ച ഒരു തിരി ഉപയോഗിച്ച്, എത്ര തീപ്പെട്ടിക്കൊള്ളി ഉപയോഗിച്ചിട്ടായാലും, നിങ്ങൾക്കൊരിക്കലും ഒരു വിളക്ക് കത്തിക്കാനാവില്ല. അസാധ്യം! നിങ്ങൾ ചെയ്യേണ്ടത്, തിരി വെള്ളത്തിൽനിന്ന് പുറത്തെടുക്കുക, വെയിലത്തു വച്ച് കുറച്ചുനേരം ഉണക്കുക. ഇപ്പോൾ നിങ്ങൾക്കാ തിരി നിഷ്പ്രയാസം കത്തിക്കാനാവും.

ഇവിടെ, വെയിലത്ത് തിരി ഉണക്കുന്ന പ്രക്രിയ ത്യാഗം(renunciation) ആകുന്നു. തീപ്പെട്ടി കൊണ്ട് അത് കത്തിക്കുന്ന പ്രക്രിയ സാധനയാണ്, നിങ്ങൾക്ക് ലഭിക്കുന്ന വെളിച്ചം ഭക്തി അഥവാ ഈശ്വരനോടുള്ള തീവ്രപ്രേമം ആകുന്നു. വിളക്ക് മനുശ്യശരീരമാണ്. ഭക്തിയില്ലാത്തവർക്കും ഇതേ പ്രക്രിയ ബാധകമാണ്. അവർ ലൗകിക ജീവിതത്തിൽ എത്ര കൂടുതൽ മുങ്ങുകയും നനയുകയും ചെയ്യുന്നുവോ, സകല വെളിച്ചത്തിന്റെയും സ്രോതസ്സായ ഈശ്വരനിൽനിന്ന് അവർ അത്രയും അകലെയാവും; അവർക്ക് ഒരിക്കലും അവരുടെ ജീവിതദീപം കൊളുത്താനാവില്ല. വിരക്തിയുടെ വെയിലത്ത് അതുണക്കുക, ഭക്തിയുടെ വെട്ടം കിട്ടുമാറ്.

ചില ആളുകൾ ദീർഘകാലത്തെ വാസവും അടുപ്പവും ഉണ്ടായിട്ടും, അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്ര ഭക്തിയുള്ളവരാവില്ല, ഇതിനുള്ള ലളിതമായ കാരണം, ലൗകിക കാര്യങ്ങളോടുള്ള വിരക്തി അവർക്ക് നഷ്ടമായിരിക്കുന്നു എന്നതാണ്. അതുകൊണ്ട്, തീവ്രഭക്തിയെന്നത് ഓരോരുത്തർക്കും നല്കപ്പെട്ടിരിക്കുന്നതല്ല.

വരുന്ന ലക്കങ്ങളിൽ, സ്വാമി കൂടുതൽ ദിവ്യ നിർദ്ദേശങ്ങൾ നമുക്ക് തരുന്നതാണ്.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)

പ്രഫസർ അനിൽകുമാറിന്റെ “സത്യോപനിഷത്ത്-വാല്യം 1” 123-129 പേജുകളിൽ നിന്ന്